**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6328** **10-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.യുടെ സ്ഥലം കൈമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി.യുടെ കൈവശമുള്ള സ്ഥലവും പള്ളിക്കര പി.എച്ച്.സി.യുടെ സ്ഥലവും സർക്കാർ ഉത്തരവ് പ്രകാരം പരസ്പരം കൈമാറ്റം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (ബി.ആർ.ഡി.സി) പള്ളിക്കര പി.എച്ച്.സി.യുടെ സ്ഥലം (1.03 ഏക്കർ) (റീ സർവ്വേ നം. 247/1) ഏറ്റെടുക്കുമ്പോൾ പകരം കൈമാറാനായി പള്ളിക്കര വില്ലേജിലെ റീസർവ്വേ നമ്പർ 251/3 സ്ഥലം അക്വയർ ചെയ്തിരുന്നു. കാസർഗോഡ് ജില്ലാ കളക്ടറുടെ നടപടിക്രമം പ്രകാരം ആരോഗ്യ വകുപ്പ് 1.03 ഏക്കർ സ്ഥലം ഏറ്റെടുക്കുകയും കേരള തീരദേശ വികസന കോർപ്പറേഷൻ വഴി പി.എച്ച്.സി. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തന ക്ഷമമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പി.എച്ച്.സി. യുടെ 1.03 ഏക്കർ സ്ഥലം ബി.ആർ.ഡി.സി.യ്ക്ക് ഇതുവരെ കൈമാറിയിട്ടില്ല. സ്ഥലം പരസ്പരം കൈമാറാനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവ് ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) | കൈമാറ്റ ഉത്തരവ് പ്രകാരം ബി.ആർ.ഡി.സി. പള്ളിക്കര പഞ്ചായത്തിന് എത്ര രൂപ നൽകേണ്ടതുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ സ.ഉ (സാധാ) 5031/2010/എച്ച്&എഫ്.ഡബ്ല്യൂ, തീയതി 27.12.2010 പ്രകാരം പി.എച്ച്.സി.ക്ക് പുതിയ ഫർണീച്ചറുകളും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനായി എൻ.ആർ.എച്ച്.എം.-ന് (ആരോഗ്യ വകുപ്പിന്) 30 ലക്ഷം രൂപ ബി.ആർ.ഡി.സി. കൈമാറേണ്ടതുണ്ട്. |
| (സി) | പ്രസ്തുത തുക ബി.ആർ.ഡി.സി. പള്ളിക്കര പഞ്ചായത്തിന് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | പ്രസ്തുത തുക ബി.ആർ.ഡി.സി. എൻ.ആർ.എച്ച്. എം.-നോ ആരോഗ്യ വകുപ്പിനോ കൈമാറിയിട്ടില്ല. ബി.ആർ.ഡി.സി.യുടെ സ്ഥലം ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് പി.എച്ച്.സി. പ്രവർത്തനം ആരംഭിച്ചു എങ്കിലും പി.എച്ച്.സി.യുടെ സ്ഥലം ബി.ആർ.ഡി.സി.ക്ക് ലഭിച്ചിട്ടില്ല. ബി.ആർ.ഡി.സി. ക്ക് പി.എച്ച്.സി.യുടെ 1.03 ഏക്കർ സ്ഥലം കൈമാറി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് 30 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | ആരോഗ്യ വകുപ്പിന് ബി.ആർ.ഡി.സി. കൈമാറുന്നതാണ്. |
| (ഡി) | ഇല്ലെങ്കിൽ തുക ഇതുവരെ നൽകാത്തതിന്റെ കാരണം വിശദമാക്കാമോ? | (ഡി) | പ്രസ്തുത തുക ബി.ആർ.ഡി.സി. എൻ.ആർ.എച്ച്. എം.-നോ ആരോഗ്യ വകുപ്പിനോ കൈമാറിയിട്ടില്ല. ബി.ആർ.ഡി.സി.യുടെ സ്ഥലം ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് പി.എച്ച്.സി. പ്രവർത്തനം ആരംഭിച്ചു എങ്കിലും പി.എച്ച്.സി.യുടെ സ്ഥലം ബി.ആർ.ഡി.സി.ക്ക് ലഭിച്ചിട്ടില്ല. ബി.ആർ.ഡി.സി.ക്ക് പി.എച്ച്.സി.യുടെ 1.03 ഏക്കർ സ്ഥലം കൈമാറി ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് 30 ലക്ഷം രൂപ ആരോഗ്യ വകുപ്പിന് ബി.ആർ.ഡി.സി. കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ